വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഡീംഡ് യൂണിവേഴ്സിറ്റിയായി പ്രവർത്തിക്കുന്നത് ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി മാത്രമാണ്.

(ബി) നിലവിലുള്ള സർവ്വകലാശാലകൾക്കല്ല ഡീംഡ് യൂണിവേഴ്സിറ്റി പദവി നൽകുന്നത്. അതിനാൽ സർവ്വകലാശാലകൾ അപേക്ഷിച്ചിട്ടില്ല.

(സി) യു. ജി. സി. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായാറുണ്ട്.

(ഡി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചതായി യു. ജി. സി.യിൽനിന്നും സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. യു. ജി. സി.യിൽനിന്നും നാല് അപേക്ഷകളിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇതിൻമേൽ സർക്കാരിന്റെ അഭിപ്രായം താമസിയാതെ അറിയിക്കുന്നുണ്ട്.

സ്വാശ്രയ കോളേജുകളും പ്രവേശനപരീക്ഷയും

*18 [122] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. എസ്. സുപാൽ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷ ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യത്തിനുമേൽ എന്ത് നിലപാടെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റിലേക്ക് മാനേജ്മെന്റുകൾ പ്രവേശനപരീക്ഷ നടത്തുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) പ്രവേശനപരീക്ഷ നിറുത്തുന്നതിന് അനുകൂലമായും പ്രതികൂലമായും നിരവധി പ്രതികരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. എ. ഐ. സി. ടി. ഇ., ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ, ഇൻഡ്യൻ ഫാർമസി കൗൺസിൽ എന്നിവ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവേശനപരീക്ഷ നിറുത്താൻ കഴിയില്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly